**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2715** **28-02-2023 - ൽ മറുപടിയ്ക്ക്**

**വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രയിനിംഗ് സെന്ററുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആരംഭിക്കാനുദ്ദേശിക്കുന്ന വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രയിനിംഗ് സെന്ററുകളുടെ പ്രവർത്തനം ഏത് രീതിയിലാണെന്ന് വിശദമാക്കാമോ? | (എ) | അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.<br><br>വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി കുറഞ്ഞത് 50 വിദ്യാർത്ഥികൾക്കെങ്കിലും ഒരേ സമയമിരുന്ന് ക്ലാസ്സ് കേൾക്കുന്നതിന് പര്യാപ്തമായ ഹാൾ/മുറി ഓരോ നിയോജക മണ്ഡലത്തിലും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 02/11/2022 തീയതിയിൽ എല്ലാ MLAമാർക്കും വകുപ്പ് മന്ത്രി കത്ത് നൽകിയിരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ